"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്- ഡയറക്ടർ ജനറലിന്റെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1941/2025/HOME തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-
1. 07.08.2017 തീയതിയിലെ സ.ഉ (പി) 102/2017/ധന. നമ്പർ ഉത്തരവ്
2. 23.10.2018 തീയതിയിലെ സ.ഉ (കൈ) 401/2018/ധന. നമ്പർ ഉത്തരവ്
3. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിന്റെ 31.05.2025 തീയതിയിലെ FIREHQ/858/2025-G1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ഔദ്യോഗികവാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 17,860/- രൂപയും, യന്ത്രഭാഗങ്ങൾ വാങ്ങുന്നതിന് 32,551/- രൂപയും, ടാക്സിനത്തിൽ 10,456/- രൂപയും ചേർത്ത് ആകെ 60,867/- രൂപയുടെ *(അറുപതിനായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം)* ധനാനുമതിയ്ക്കായി പരാമർശം (3) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ഔദ്യോഗികവാഹനത്തിന്റെ (KL 01-CG 288, 2018 Model Innova Crysta) അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 60,867/- രൂപ (അറുപതിനായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം) "2070-ഒ.എ.എസ്.108-അഗ്നിപ്രതിരോധവും നിയന്ത്രണവും-98-പ്രതിരോധവും നിയന്ത്രണവും-1-ജില്ലാ ജീവനക്കാർ-21-മോട്ടോർ വാഹനങ്ങൾ-2-അറ്റകുറ്റപ്പണികളും സംരക്ഷണവും (നോൺ

പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ധനാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeer S
Date: 13-06-2025 10:28:44
സെക്ഷൻ ഓഫീസർ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.